# 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1072/2025.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്റ്റ് കമ്മിറ്റി VI

# (വിദ്യാഭ്യാസം)

# (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.
ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി.

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

# 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയച്ച 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ (ബിൽ നമ്പർ 267), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ 2025 സെപ്റ്റംബർ 13-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 സെപ്റ്റംബർ 30-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 സെപ്റ്റംബർ 30-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

വി. ശിവൻകുട്ടി,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2025 ഒക്ടോബർ 6.

## അനുബന്ധം I

# വിയോജനക്കുറിപ്പ്

NUALS-നെ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും നിലവിൽ പി.എസ്.സി. മുഖേന NUALS-ൽ നിയമനം നേടിയിട്ടുള്ള അനധ്യാപക തസ്തികയിലെ ജീവനക്കാരെ മറ്റു സർവ്വകലാശാലകളിലേക്ക് മാറ്റി നിയമിക്കുന്നതിനുമുള്ള വ്യവസ്ഥയാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച്) ആക്ട് പ്രകാരം മറ്റു സർവ്വകലാശാലകൾക്ക് സമാനമായി നിയമ സർവ്വകലാശാലയിലെ അനധ്യാപക നിയമനങ്ങളും പി.എസ്.സി. ആണ് നടത്തേണ്ടത്. സ്വാശ്രയ സർവ്വകലാശാല എന്ന നിലയിൽ സംസ്ഥാനത്തെ ഇതര സർവ്വകലാശാലകളിലെ അനധ്യാപക ജീവനക്കാരുടെ സേവന വ്യവസ്ഥയിൽ നിന്നും വ്യത്യസ്തമായ സേവന വ്യവസ്ഥകളാണ് നിയമ സർവ്വകലാശാലയിൽ നിലനിൽക്കുന്നത്. അതുകൊണ്ട് നിയമ സർവ്വകലാശാലയിലെ അനധ്യാപക നിയമനങ്ങൾ മറ്റു സർവ്വകലാശാലകളിലെ ജീവനക്കാരെ നിയമിക്കുന്നതിനായി നടത്തുന്ന പി.എസ്.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിൽ അപാകതയുണ്ടെന്നത് യാഥാർത്ഥ്യമാണ്.

ഈ സാഹചര്യത്തിൽ ബില്ലിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത് പോലെ പി.എസ്.സി.-യിലൂടെ നിയമിക്കപ്പെട്ട ജീവനക്കാരെ അവർക്ക് താല്പര്യമുള്ള പക്ഷം മറ്റു സർവ്വകലാശാലകളിലേക്ക് മാറ്റി നിയമിക്കാവുന്നതാണ്. എന്നാൽ അത്തരത്തിൽ നിയമിക്കപ്പെടുന്നവർക്ക് അവരുടെ സേവന കാലയളവും ശമ്പളവും സംരക്ഷിക്കപ്പെടാമെങ്കിലും, അവർ നിയമിക്കപ്പെടുന്ന സർവ്വകലാശാലകളിൽ നിലവിലെ ഇന്റർ-യൂണിവേഴ്സിറ്റി ട്രാൻസ്ഫർ ചട്ടപ്രകാരം നിയമിക്കപ്പെടാൻ പോകുന്ന സർവ്വകലാശാലയിൽ ജൂനിയർ മോസ്റ്റ് ആയി നിയമിക്കപ്പെട്ടില്ലെങ്കിൽ നിലവിലുള്ള ജീവനക്കാരുടെ സീനിയോറിറ്റി വ്യവസ്ഥയെ ദോഷകരമായി ബാധിക്കാനും അത് കോടതി വ്യവഹാരങ്ങൾക്ക് കാരണമാകാനും ഇടയുണ്ട്. നിലവിൽ നിയമ സർവ്വകലാശാലയെ സ്വാശ്രയ സർവ്വകലാശാലയുടെ ഗണത്തിൽപ്പെടുത്തുവാൻ പറ്റില്ല. സർവ്വകലാശാലയ്ക്ക് സർക്കാർ പദ്ധതിയേതര ഗ്രാന്റ് നൽകുന്നില്ലെങ്കിലും പ്രതിവർഷം 10 കോടി രൂപ ഇപ്പോൾ പദ്ധതി ഗ്രാന്റ് ഇനത്തിൽ സർക്കാർ നൽകുന്നുണ്ട്.

സർക്കാർ ഖജനാവിൽ നിന്ന് കോടികൾ നിയമ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന സാഹചര്യത്തിൽ അനധ്യാപക നിയമനങ്ങൾ ലോ യൂണിവേഴ്സിറ്റി ഭരണസമിതിയുടെ നിയന്ത്രണത്തിൽ വിടുന്നത് അഴിമതി നടത്തുന്നതിനും പിൻവാതിൽ നിയമനങ്ങൾക്കും ഇടയാക്കുന്നതാണ്. വിവിധ കാറ്റഗറികളിലായി ദിവസ വേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിരവധി ജീവനക്കാർ അനധ്യാപക തസ്തികകളിൽ ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുണ്ട്. പി.എസ്.സി. വഴി നിയമിക്കപ്പെട്ട ഏതാനും പേരെ മാറ്റുന്നതിനുള്ള നടപടിയിലൂടെ ഭാവിയിൽ എല്ലാ അനധ്യാപക തസ്തികകളിലും പിൻവാതിൽ നിയമനങ്ങൾ നടത്തുന്ന രീതിയിലേക്ക് ബില്ലിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്.

ഈ സാഹചര്യത്തിൽ പ്രത്യേക സേവന വ്യവസ്ഥയിലുള്ള നിയമ സർവ്വകലാശാലയുടെ അനധ്യാപക നിയമനങ്ങൾ പി.എസ്.സി. പ്രത്യേകിച്ച് നടത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും അതനുസരിച്ച് നിയമഭേദഗതി വരുത്തുകയുമാണ് വേണ്ടത്. ആയതിനാൽ ബില്ലിനോട് വിയോജിക്കുന്നു.

ആബിദ് ഹുസൈൻ തങ്ങൾ (ഒപ്പ്)

ടി. വി. ഇബ്രാഹിം (ഒപ്പ്)

അനുബന്ധം II

# 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂട്ടതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂട്ടതൽ ചുമതലകൾ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂട്ടതൽ ചുമതലകൾ) ആക്റ്റ് (2015-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂട്ടതൽ ചുമതലകൾ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2025 ആഗസ്റ്റ് 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂട്ടതൽ ചുമതലകൾ) ആക്റ്റിലെ (2015-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പ് (എ) ഖണ്ഡത്തിലെ (viii)-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

3. 3 എ, 3 ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.— പ്രധാന ആക്റ്റിലെ 3-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"3 എ. ആക്റ്റ് പ്രകാരം അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട നിലവിലുള്ള ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച്, ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിലെ (2015-ലെ 18) വ്യവസ്ഥകൾ പ്രകാരം നേരിട്ടുള്ള നിയമനം വഴി നിയമിക്കപ്പെട്ട ജീവനക്കാരെ, വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേൽ സർവ്വകലാശാലകളിൽ നിയമിക്കാവുന്നതാണ്.

3 ബി. ഒഴിവാക്കൽ.—ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയെ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന്റെ (2015-ലെ 18) പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നാൽതന്നെയും പ്രസ്തുത ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രസ്തുത സർവ്വകലാശാലയെ പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട തീയതി വരെ പ്രസ്തുത ആക്റ്റ് പ്രകാരം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അല്ലെങ്കിൽ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ കർത്തവ്യത്തെയോ ബാധ്യതയെയോ ബാധിക്കുന്നതല്ലാത്തതാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ഓർഡിനൻസ് (2025-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2025 സെപ്റ്റംബർ, 30.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*